# Desabhimani
# 30 August 2018
# Thrissur; Flood, School

# മറിയയും മെറിനും ഇല്ല
## വിതുമ്പി കൂട്ടുകാർ...

കെ പ്രഭാത്

തൃശൂർ

ഓണാവധി കഴിഞ്ഞ് പള്ളിക്കൂടം തുറന്നപ്പോൾ, ഒരേ ബെഞ്ചിലിരുന്ന് പഠിച്ചിരുന്ന ഏഞ്ചൽ മറിയയെയും കെ ബി മെറിനെയും സഹപാഠികൾ തെരഞ്ഞു. ഒടുവിലാ സത്യം ഒരിക്കൽ കൂടി ഉറപ്പിച്ച് സഹപാഠികൾ വിതുമ്പി. ബുധനാഴ്ച സ്കൂൾ തുറന്നപ്പോൾ വികാര നിർഭര രംഗങ്ങൾക്കാണ് തൃശൂർ ഹോളി ഫാമിലി സ്കൂൾ സാക്ഷിയായത്. വടക്കാഞ്ചേരി കുറാഞ്ചേരിയിൽ ഉരുൾപൊട്ടലിൽ മരിച്ച 19 പേരിൽ അവരുണ്ടായിരുന്നു, മറിയയും മെറിനും. മറിയ അഞ്ചാം ക്ലാസിലും മെറിൻ ആറാം ക്ലാസിലുമാണ് പഠിച്ചിരുന്നത്. ഏഞ്ചൽമറിയയുടെ ഒപ്പമിരുന്ന് പഠിച്ചവരാണ് മാർഗ്രേസും ആഗ്നയും. മൂവരും ഉറ്റ ചങ്ങാതിമാർ. അവധിക്കാലം കഴിഞ്ഞ് സ്കൂളിലെത്തിയ കുട്ടികൾ ഒന്നും രണ്ടും ബെല്ല് കഴിഞ്ഞ് കൂട്ടുകാരിയെ കാണാതായതോടെ വിതുമ്പാൻ തുടങ്ങി. ഉറ്റ സഹചാരി ഇനി എത്തില്ലെന്നറിഞ്ഞതോടെ കൂട്ടക്കരച്ചിലായി. അധ്യാപകരെല്ലാം വന്ന് സമാശ്വസിപ്പിച്ചെങ്കിലും കുട്ടികൾക്ക് കരച്ചിൽ നിർത്താനായില്ല. ഒരുദിവസം നീണ്ട കരച്ചിൽ. വൈകിട്ട് മന്ത്രി സി രവീന്ദ്രനാഥ് നേരിട്ടെത്തി ആശ്വസിപ്പിച്ചതോടെയാണ് കരച്ചിലൊതുങ്ങിയത്.

നാലാം ക്ലാസിൽ പഠിക്കുമ്പോഴാണ് മാർഗ്രേസ് ഏഞ്ചൽ മറിയയുമായി കൂട്ടുകൂടുന്നത്. അന്നുമുതൽ ഇന്നുവരെ കൂട്ട് പിരിഞ്ഞിട്ടില്ല. കലാപരിപാടികൾ ഉൾപ്പെടെ എല്ലാത്തിനും ഒന്നിച്ചായിരുന്നു. ഉരുൾപൊട്ടലിൽ ഏഞ്ചൽമറിയ മരിച്ചെന്നറിഞ്ഞെങ്കിലും വിശ്വസിച്ചിരുന്നില്ല. അവധികഴിഞ്ഞ് തിരിച്ചെത്തുമെന്നുതന്നെ കരുതി. പക്ഷേ, ബുധനാഴ്ച മാർഗ്രേസ് കണ്ണീരോടെ വീട്ടിലേക്ക് മടങ്ങി.

ഏഞ്ചൽമറിയയെക്കുറിച്ച് പറയാൻ നൂറുവാക്കായിരുന്നു ആഗ്നസിന്. മിടുക്കിയായി പഠിച്ചിരുന്ന അവൾക്ക് ഡാൻസിനോടായിരുന്നു പ്രിയം. അവളുടെ നിർബന്ധത്തിന് വഴങ്ങിയാണ് ഒപ്പനക്കും സിനിമാറ്റിക് ഡാൻസിനും ഞങ്ങളും കൂടിയത്. നന്നായി പാട്ടുപാടും. എന്നാൽ സ്റ്റേജിൽ കയറി പാടാൻ പേടിയാണെന്ന് ഏഞ്ചൽ എപ്പോഴും പറയുമായിരുന്നുവെന്ന് വിതുമ്പൽ നിർത്താനാകാതെ ആഗ്നസ് പറഞ്ഞു. പൊതുവേ മിതഭാഷിയായിരുന്നു മെറിൻ എന്ന് ക്ലാസ് ടീച്ചർ പറഞ്ഞു.



വടക്കാഞ്ചേരി കുറാഞ്ചേരിയിൽ ഉരുൾപൊട്ടലിൽ മരിച്ച ഏഞ്ചൽമറിയയുടെ സഹപാഠികളെ വിദ്യാഭ്യാസമന്ത്രി സി രവീന്ദ്രനാഥ് ആശ്വസിപ്പിക്കുന്നു